

WEDNESDAY 15/10/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 15/10/2025

1. മലബാറി ആടുകളുടെ സംരക്ഷണത്തിനായി സംസ്ഥാനത്ത് ആദ്യമായി കേന്ദ്ര-സംസ്ഥാന സർക്കാർ സഹായത്തോടെ, NLM പദ്ധതിയിൽ ഉൾപ്പെടുത്തി, ആടുകൾക്കായി ഒരു "**മികവിന്റെ കേന്ദ്രം**" CENTRE OF EXCELLENCE സ്ഥാപിക്കുന്നതിലേക്കായുള്ള ആട് ഫാം കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തിൽ ഏകദേശം 1000 ആടുകളെ വളർത്തുകയും, ഉത്പാദിപ്പിക്കുന്ന ആട്ടിൻകുട്ടികളെ കർഷകർക്ക് ബുക്കിംഗ് അടിസ്ഥാനത്തിൽ സബ് സിഡി നിരക്കിൽ നൽകുകയും ചെയ്യും. ഈ സ്ഥാപനത്തെ "മികവിൻറെ കേന്ദ്രമായി" ഉയർത്തുന്നതിന് വേണ്ടി പുതുതായി നിർമ്മിച്ച ഉന്നതസാങ്കേതികവിദ്യയിലധിഷ്ഠിതമായ ആധുനിക ഇരുനില കെട്ടിടത്തിന്റെ ഉദ്ഘാടനം 2025 ഒക്ടോബർ മാസം 15ന് വൈകുന്നേരം 3.00 മണിക്ക് കേരള സംസ്ഥാന മൃഗസംരക്ഷണം, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി, പാറശ്ശാല എം.എൽ.എ. സി. കെ. ഹരീന്ദ്രൻ ന്റെ സാന്നിധ്യത്തിൽ പാറശ്ശാല സർക്കാർ ആട് വളർത്തൽ കേന്ദ്രത്തിൽ വച്ച് നിർവഹിക്കുന്നു. തുടർന്ന് ഈ സ്ഥാപനത്തെ

“മികവിൻറെ കേന്ദ്രമാക്കിയുള്ള” പ്രഖ്യാപനം തിരുവനന്തപുരം ലോക്സഭാ എം.പി ഡോ. ശശി തരൂർ, G. S. കൺവൻഷൻ സെന്റർ കുറുംകുട്ടിയിൽ വച്ച് നിർവഹിക്കുന്നതാണ്. പ്രസ്തുത സമ്മേളനത്തിൽ വച്ച് MLA-SDF ഫണ്ടുപയോഗിച്ച്, തിരഞ്ഞെടുത്ത ക്ഷീരസഹകരണ സംഘങ്ങൾക്ക് AMCU വിതരണവും ഉണ്ടായിരിക്കുന്നതാണ്. അതോടനുബന്ധിച്ച് ആട്ടുവളർത്തലുമായി ബന്ധപ്പെട്ട സെമിനാറും ഉണ്ടായിരിക്കുന്നതാണ്.

2. തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ക്ഷീര വികസന വകുപ്പ് നടപ്പാക്കുന്ന ക്ഷീരഗ്രാമം പദ്ധതികൾക്കായി ക്ഷീരശ്രീ പോർട്ടൽ ആയ www.ksheerasree.kerala.gov.in മുഖേന ഒക്ടോബർ 31 വരെ അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾ ബ്ലോക്ക്തല ക്ഷീരവികസന യൂണിറ്റിൽ ലഭിക്കും.

3. അഖിലേന്ത്യ തീറ്റപ്പുൽ ഗവേഷണ പദ്ധതിയിലൂടെ കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത അത്യുല്പാദനശേഷിയുള്ള **സങ്കര നേപ്പിയർ തീറ്റപ്പുൽ ഇനമായ 'സുസ്ഥിര'** കേരളത്തിലെ കരപ്രദേശങ്ങളിലും വീട്ടുവളപ്പിലെ പുരയിടങ്ങളിലും കൃഷി ചെയ്യുവാൻ

അനുയോജ്യമാണ്. ഹെക്ടറിന് 300 ടണ്ണോളം വിളവ് തരുന്ന ഇതിൽ 9.4% മാംസ്യവും 24% നാരും അടങ്ങിയിട്ടുണ്ട്. രണ്ട് മുട്ടോട് കൂടിയ നടീൽ വസ്തുക്കൾ കമ്പൊന്നിന് രണ്ടര രൂപ നിരക്കിൽ വെള്ളായണി കാർഷിക കോളേജിൽ ലഭ്യമാണ്. ആവശ്യമുള്ളവർ വിളിക്കേണ്ട നമ്പർ 8547125233.

## പരിശീലന പരിപാടി

4. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെൻറ് വിഭാഗത്തിൽ പഴം – പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഒക്ടോബർ 28 ന് നടക്കും. പരിശീലന ഫീസ് 1000രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

5. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡുചെയ്യുകയോ മരുന്നുതളി നടത്തുകയോ ചെയ്യുതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദകസംഘങ്ങൾ ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനുള്ള അവസാനതീയതി 2025 ഒക്ടോബർ 31-ലേക്ക് നീട്ടിയിരിക്കുന്നു. അപേക്ഷകൾ സമർപ്പിക്കാനുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബറുത്പാദകസംഘങ്ങൾ നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

6. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ ഒക്ടോബർ മാസം വിവിധ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. ഒക്ടോബർ 15 ന് എരുമ വളർത്തൽ, 17, 18 തീയതികളിൽ മുട്ടക്കോഴി വളർത്തൽ,24ന് ഓമന പക്ഷി വളർത്തൽ 27, 28 തീയതികളിൽ ഇറച്ചി കോഴി വളർത്തൽ 30ന് എരുമ വളർത്തൽ എന്നീ വിഷയങ്ങളിലാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് വിളിക്കേണ്ട ഫോൺനമ്പർ 04972-763473.

7. ക്ഷീര വികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2025 ഒക്ടോബർ മാസം 22, 23 തീയതികളിൽ "ശുദ്ധമായ പാൽ ഉൽപ്പാദനം" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 150/- രൂപ ദിനബത്തയും, ആകെ 100/- രൂപ യാത്രാബത്തയും നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ പരിശീലനത്തിനെത്തുമ്പോൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിൻ്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 2025 ഒക്ടോബർ 21-ാം തീയതി വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം : 0471 – 2440911. മേൽവിലാസം : ക്ഷീരപരിശീലന കേന്ദ്രം പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം. പി.ഒ., തിരുവനന്തപുരം – 695004, Email ID:principaldtctvm@gmail.com

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം